പതിമൂന്നാം കേരള നിയമസഭ

പതിന്നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2549 — 09/07/2015 ൽ മറുപടിയ്ക്ക്

## ഭൂമി തട്ടിപ്പിലൂടെ അപഹരിക്കപ്പെട്ട സ്ഥലങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. ജി.എസ്. ജയലാൽ<br>ശ്രീ. കെ. അജിത്<br>ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ നാലുവർഷങ്ങൾക്കിടയിൽ സംസ്ഥാനത്ത് എത്ര ഭൂമി തട്ടിപ്പ് കേസ്സുകൾ ഉണ്ടായിട്ടുണ്ടെന്നും ഇവയിൽ സി.ബി.ഐ അന്വേഷിക്കുന്ന കേസ്സുകൾ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ; | (എ) കളമശ്ശേരി, കടകംപള്ളി എന്നിവിടങ്ങളിലായി 2 ഭൂമിതട്ടിപ്പു കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ടു കേസുകളിലും സി.ബി.ഐ. അന്വേഷണം നടന്നു വരുന്നു. |
| (ബി) സി.ബി.ഐ അന്വേഷണത്തെ തുടർന്ന് ഇതുവരെയായി എത്ര പേരെ അറസ്റ്റ് ചെയ്തു; അവർ ആരൊക്കെയെന്നു വെളിപ്പെടുത്തുമോ ; | (ബി) സി.ബി.ഐ. അന്വേഷണവുമായി ബന്ധപ്പെട്ട് കടകംപള്ളി ഭൂമി തട്ടിപ്പു കേസിൽ ഉൾപ്പെട്ട റവന്യൂ വകുപ്പിലെ ഡെപ്യൂട്ടി തഹസീൽദാർ ശ്രീ. വിദ്യോദയ കുമാറിനേയും, കളമശ്ശേരി ഭൂമി തട്ടിപ്പു കേസിൽ വില്ലേജ് ഓഫീസർ ശ്രീ.കെ.എസ്. സാബുവിനേയും, സ്പെഷ്യൽ വില്ലേജ് ഓഫീസർ ശ്രീ.ഇ.മുറാദിനേയും സീനിയർ ക്ലാർക്ക് ശ്രീ.ഗീവർഗ്ഗീസിനെയും സി.ബി.ഐ. അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (സി) പ്രസ്തുത കാലയളവിൽ ഭൂമി തട്ടിപ്പിലൂടെ ഇതുവരെയായി എത്ര ഹെക്ടർ സ്ഥലം അപഹരിക്കപ്പെട്ടിട്ടുണ്ട് എന്നും അവ എവിടെയെല്ലാമെന്നും വിശദീകരിക്കുമോ ? | (സി) ഭൂമി തട്ടിപ്പിലൂടെ അപഹരിക്കപ്പെട്ട ഭൂമിയുടെ അളവ് സംബന്ധിച്ച വിവരം അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ